**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3554** **08-10-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലതല പട്ടയ അസംബ്ലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ താലൂക്ക് പരിധിയിൽ കഴിഞ്ഞ രണ്ട് മണ്ഡലതല പട്ടയ അസംബ്ലിയിൽ പട്ടയം ലഭിക്കാത്ത എത്ര പേരുടെ വിഷയമാണ് ഉയർന്ന് വന്നിരുന്നതെന്ന് വ്യക്തമാക്കാമോ; അവയിൽ താലൂക്ക്, ജില്ലാ തലത്തിൽ എത്ര പേരുടെ വിഷയങ്ങൾ പരിഹരിച്ച് പട്ടയം വിതരണം ചെയ്തുവെന്ന് വില്ലേജ് തിരിച്ച് കണക്ക് അറിയിക്കാമോ; | (എ) | പയ്യന്നൂർ താലൂക്ക് പരിധിയിൽ രണ്ട് മണ്ഡലതല പട്ടയ അസംബ്ളികളിലായി പട്ടയം ലഭിക്കാത്ത 184 പേരുടെ വിഷയമാണ് ഉയർന്നുവന്നത്. അവയിൽ 106 അപേക്ഷകരുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എത്ര പേരുടെ വിഷയം പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; അതിൽ ഇതുവരെയായി എത്രയെണ്ണം പരിഹരിച്ചു; ബാക്കിയുള്ളവ എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | പയ്യന്നൂർ മണ്ഡലത്തിൽ നടന്ന പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന 78 പേരുടെ വിഷയങ്ങൾ 11 കേസുകളായി പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 9 കേസുകൾ പരിഹരിച്ച് 61 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. പയ്യന്നൂർ താലൂക്കിൽ ചെറുതാഴം വില്ലേജിൽ ഭൂരഹിതരായ പട്ടിക ജാതി വിഭാഗത്തിലുൾപ്പെട്ട കുടുംബങ്ങൾക്കായി നീക്കി വയ്ക്കപ്പെട്ട ഭൂമിയിലെ പട്ടിക ജാതിയിലുൾപ്പെടാത്ത 6 കൈവശക്കാരിൽ ശ്രീ. മുഹമ്മദ് സാലി ഒഴികെയുള്ള 5 പേർക്കും (കുടുബാംഗങ്ങൾക്ക്) സർക്കാരിൽ നിന്നും മിച്ചഭൂമി പതിച്ചു കിട്ടിയിട്ടുള്ളതിനാൽ പ്രസ്തുത 5 പേരെയും പ്രസ്തുത കൈയ്യേറ്റ ഭൂമിയിൽ നിന്നും ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകുകയും ഇത് പ്രകാരമുള്ള നടപടി സ്വീകരിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. പയ്യന്നൂർ താലൂക്കിൽ രാമന്തളി വില്ലേജിൽ അനുവദിച്ച പട്ടയത്തിന്റെ പകർപ്പ് ലഭിക്കുന്നതിനുള്ള 11 പേരുടെ അപേക്ഷയിന്മേൽ ജില്ലാ കളക്ടറേറ്റിൽ നിന്നും ടീം രൂപീകരിച്ച് പരിശോധന നടത്തിയിരുന്നുവെങ്കിലും പട്ടയ ഫയലുകൾ ലഭ്യമാകാതെ വന്നതിനാൽ പകർപ്പുകൾ അനുവദിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| ക്രമനം. | വില്ലേജ് | പട്ടയം അനുവദിക്കപ്പെട്ട കൈവശക്കാരുടെ എണ്ണം |
|---|---|---|
| 1. | ആലപ്പടമ്പ് | 23 (മിച്ചഭൂമി പട്ടയം) |
| 2. | വെള്ളോറ | 21 (എൽ.റ്റി പട്ടയം) |
| 3. | കടന്നപ്പള്ളി | 17 (ലക്ഷംവീട് പട്ടയം) |
| 4. | കാങ്കോൽ | 5 (ലക്ഷംവീട് പട്ടയം) |
| 5. | പെരിങ്ങോം | 1 (ലക്ഷംവീട് പട്ടയം) |
| 6. | കുഞ്ഞിമംഗലം | 2 (ലക്ഷംവീട് പട്ടയം) |
| 7. | ഏഴോം | 4 (ലക്ഷംവീട് പട്ടയം) |
| 8. | പെരിന്തട്ട | 4 (ലക്ഷംവീട് പട്ടയം) |
| 9. | ചെറുതാഴം | 20 (ലക്ഷംവീട് പട്ടയം) |
| 10. | മാടായി | 9 (കടൽ പുറമ്പോക്ക് പട്ടയം) |
| | **ആകെ** | **106** |